**ഭരണഭാഷ- മാതൃഭാഷ**

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ


**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**


നമ്പർ: 2811776-2024 തീയതി : 27-03-2025

**വാഹനം വാടകക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം**

കോഴിക്കോട് നഗരസഭയുടെ ഉപയോഗത്തിനായി 7 കാർ മാസ വാടകക്ക് നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ............................ തിയ്യതി 3 മണി വരെ സ്വീകരിക്കുന്നതാണ്. പ്രവർത്തി സംബന്ധിച്ച വിവരങ്ങൾ http:tender. lsgkerala. gov.in, www.etenders.kerala.gov.in, kozhikkodecorporation.lsgkerala.gov.in വെബ്സൈറ്റുകളിൽ ലഭ്യമാണ്.

Signature Not Verified
Digitally signed by DILEEP M S
Date: 2025.03.27 10:33:47 IST
Reason: KSMART

**കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ വാടകയ്ക്ക് വാഹനങ്ങൾ**

**നല്കുന്നതിനുള്ള ക്വട്ടേഷൻ നിബന്ധനകൾ**

1 വാടക വാഹനങ്ങൾ എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ് കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർ നല്ല പരിചയ സമ്പന്നനായിരിക്കണം.

2 വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ രേഖകളുടെയും ഫോട്ടോകോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ് കോർപ്പറേഷൻ അധികാരികൾ ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ഒറിജിനൽ രേഖകൾ ഹാജരാക്കേണ്ടതാണ് ഡ്രൈവർമാർക്ക് ലൈസെൻസ് ,സ്ഥിരമായ മേൽവിലാസം, മൊബൈൽ ഫോൺ ഉണ്ടായിരിക്കേണ്ടതും ഫോൺ നമ്പർ ഓഫീസിൽ കൊടുക്കേണ്ടതുമാണ്

3. 5 സീറ്റുകളുള്ള വാഹനമായിരിക്കണം. വാഹനത്തിന്റെ ഇന്ധനം, റിപ്പയറിങ്, ഡ്രൈവറുടെ വേതനം, എന്നിവയെല്ലാം കരാറുകാരൻ വഹിക്കേണ്ടതാണ്.

4. കോർപ്പറേഷൻ ആവശ്യപ്പെടുമ്പോഴെല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.

5. എന്തെങ്കിലും കാരണത്താൽ സ്ഥിരവാഹനത്തിന് ഓടാൻ തടസമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.

6. തിരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസികൾ/വ്യക്തികൾ 200/- രൂപയുടെ മുദ്രപത്രത്തിൽ കോർപ്പറേഷനുമായി കരാറുടമ്പടി ചമക്കേണ്ടതാണ്

7. വാഹനങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുകയോ ബില്ലിൽ കൃത്രിമം കാണിക്കുകയോ കൂടാതെ കോർപ്പറേഷൻ അധികാരികളോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതാണ്

8. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിവസങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം വാടകയ്ക്ക് കോർപ്പറേഷൻ എടുക്കുകയാണെങ്കിൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

9. വാഹനത്തിന്റെ വാടക മാസത്തിലൊരിക്കൽ മാത്രം നൽകുന്നതാണ്

10. വാഹനത്തിന്റെ വാടകയിൽ നിന്നും നിയമാനുസൃത ടി ഡി എസ് കിഴിവ് ചെയ്യുന്നതാണ്.

11. ഓഫീസിൽ നിന്നും ലഭിക്കുന്ന ലോഗ് ബുക്കിൽ ഓരോ ട്രിപ്പിന്റെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാഹനം ഉപയോഗിച്ച വ്യക്തിയുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്

12. ഓരോ ദിവസത്തെയും ലോഗ് ബുക്ക് കോർപ്പറേഷൻ സെക്രട്ടറിയെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറെയോ കാണിച്ച് മേലൊപ്പ് വാങ്ങിക്കേണ്ടതാണ്

13 ക്വട്ടേഷൻ നിബന്ധനകളോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഫോറത്തിൽ റേറ്റ് നൽകേണ്ടതാണ്

14 കരാർ തുടരാനും റദ്ദാക്കാനുമുള്ള അധികാരം കോർപ്പറേഷൻ കൌൺസിലിൽ

നിക്ഷിപ്തമായിരിക്കും

15. പ്രതിമാസം കുറഞ്ഞ ദൂരമായ 2000 കി മീറ്ററിനു ശേഷമുള്ള ഓരോ അധിക കിലോമീറ്ററിനും സർക്കാർ നിശ്ചയിച്ച പ്രാകാരം നിരക്ക് അനുവദിക്കുന്നതാണ്

16 കരാറുകാരന് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസം മുന്നേ നോട്ടീസ് നൽകേണ്ടതാണ്.

17 ക്വട്ടേഷനോടൊപ്പം 1500 രൂപയുടെ ഇ എം ഡി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ നഗരസഭാ പരിധിയിൽപ്പെട്ട ബാങ്കിൽ നിന്നെടുത്തു ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്

18. കരാർ ലഭിക്കുന്ന വ്യക്തി ഒരു മാസം സൂചിപ്പിച്ച നിരക്കിന്റെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി കോർപ്പറേഷൻ സെക്രട്ടറിയുടെ' പേരിൽ നഗരസഭയുടെ പരിധിയിൽപ്പെട്ട ബാങ്കിൽ നിന്നെടുത്തു ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്

19. ക്വട്ടേഷൻ സിൽ ചെയ്ത കവറിൽ ഇനം തീയതി എന്നിവ രേഖപ്പെടുത്തി സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് -673 032 എന്ന വിലാസത്തിൽ 12/08/21 ന് രണ്ട് മണിവരെ കിട്ടത്തക്ക വിധത്തിൽ നേരിട്ടോ തപാലിലോ എത്തിക്കേണ്ടതാണ് ക്വാട്ടേഷൻ അന്നേ ദിവസം 3.00 മണിക്ക് ഹാജരുള്ളവരുടെ സാനിധ്യത്തിൽ തുറക്കുന്നതാണ് നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

20. ക്വട്ടേഷൻ സ്വീകരിക്കുവാനും നിരാകരിക്കുവാനും കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമാണ്. 200 അധികാരം

(ഒപ്പ്)

സൂപ്രണ്ടിങ്എൻജിനീയർ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ